പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *193-17/06/2014 -ലെ മറുപടിക്ക്

സ്വയം സംരംഭക വികസന മിഷന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ .സി.മോയിൻ കുട്ടി<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.പി.ബി.അബ്ദുൾ റസാക് | | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാന സ്വയം സംരംഭക വികസന മിഷന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ അതു സംബന്ധമായ വിശദവിവരം നല്കുമോ; | ഉണ്ട്,<br>നോഡൽ ഏജൻസിയായ കെ.എഫ്.സി മിഷന്റെ പ്രവർത്തനം തുടർച്ചയായി അവലോകനം ചെയ്യുന്നുണ്ട്. മിഷന്റെ പ്രവർത്തനം സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുന്നത് സംസ്ഥാന തല അപ്പെക്സ് കമ്മറ്റിയാണ്. ബഹു.ധനമന്ത്രിയാണ് ഇതിന്റെ ചെയർമാൻ. 23.12.2011 ലെ ജി.ഒ(എം.എസ്)നം.622/11/ഫിൻ പ്രകാരം നിലവിൽ വന്ന കമ്മറ്റിയിൽ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി, നബാർഡ് സി.ജി.എം, എസ്.എൽ.ബി.സിയുടെ ചെയർമാനായ കാനറാ ബാങ്ക് ജനറൽ മാനേജർ, ഇ.ഡി.ഐ (Entrepreneurship Development Institute of India)യുടെ മെമ്പർ, എം.എസ്.എം.ഇ-ഡി ഐ യുടെ ഡയറക്ടർ, കെ.എഫ്.സി സി.എം.ഡി തുടങ്ങിയവരാണ് അംഗങ്ങൾ. ബഹു. ധനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല അപ്പെക്സ് കമ്മിറ്റിയുടെ യോഗം 10.03.2014 ന് കൂടി കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ പ്രവർത്തനം അവലോകനം ചെയ്യുകയുണ്ടായി |
| (ബി) | ഈ പദ്ധതി പ്രകാരം പരിശീലനം ലഭിച്ച എത്ര ഗ്രൂപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; അവയിൽ ഉല്പാദനം ആരംഭിച്ചവ എത്ര ; | 31.05.2014 ലെ കണക്കുകൾ അനുസരിച്ച് ഈ പദ്ധതി പ്രകാരം പരിശീലനം ലഭിച്ച 1386 ഗ്രൂപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവയിൽ ഉല്പാദനം ആരംഭിച്ചത് 357 ഗ്രൂപ്പുകളുടെ സംരംഭങ്ങളാണ്. |
| (സി) | നടപ്പുവർഷവും ഈ പദ്ധതി തുടരുന്നുണ്ടോ; എങ്കിൽ എത്ര ഗ്രൂപ്പുകളെ പ്രവർത്തന സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | ഉണ്ട്,<br>നടപ്പു സാമ്പത്തിക വർഷം (2014-15) 2000 ഗ്രൂപ്പുകളെ പ്രവർത്തന സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ